പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 3410

22.8.2017 ൽ
മറുപടിയ്ക്ക്

**ജനമൈത്രി പോലീസിന്റെ ആഭിമുഖ്യത്തിൽ സ്ത്രീകൾക്കുള്ള സ്വയം പ്രതിരോധ പരിശീലന പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.യു.പ്രതിഭ ഹരി<br>ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീ. പി.കെ. ശശി<br>ശ്രീ. വി.ജോയി | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സ്ത്രീകൾക്ക് സുരക്ഷയും കൂടുതൽ ആത്മവിശ്വാസവും പ്രദാനം ചെയ്യുക എന്ന ലക്ഷ്യത്തോടെ ജനമൈത്രി പോലീസിന്റെ ആഭിമുഖ്യത്തിൽ സ്ത്രീകൾക്കുള്ള സ്വയം പ്രതിരോധ പരിശീലന പദ്ധതി നടപ്പാക്കിയിട്ടുണ്ടോയെന്നും ഇത്തരം പരിശീലന കേന്ദ്രങ്ങൾ എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ? | (എ) സ്ത്രീകൾക്ക് സുരക്ഷയും ആത്മവിശ്വാസവും പ്രദാനം ചെയ്യുക എന്ന ലക്ഷ്യത്തോടെ ജനമൈത്രി പോലീസിന്റെ ആഭിമുഖ്യത്തിൽ സ്ത്രീകൾക്കുള്ള സ്വയം പ്രതിരോധ പരിശീലന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. നിർഭയ വോളന്റിയർമാരുടെ നേതൃത്വത്തിൽ സ്ത്രീകളെ സ്വയരക്ഷയ്ക്ക് പ്രാപ്തരാക്കുന്നതിന് സെൽഫ് ഡിഫൻസ് ക്ലാസ്സുകൾ, സ്ത്രീകളുടെ പരാതികൾ സംബന്ധിച്ച് പ്രത്യേക അദാലത്തുകൾ, എസ്.പി.സി, എസ്.പി.ജി, ജനമൈത്രി സമിതികൾ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവയുടെ സഹകരണത്തോടെ ബോധവൽക്കരണ ക്ലാസ്സുകൾ തുടങ്ങിയവ നടപ്പിലാക്കി വരുന്നു. പൂവാലശല്യം ഒഴിവാക്കുന്നതിനായി വനിതാ പോലീസ് ഉദ്യോഗസ്ഥരെ സ്കൂൾ, കോളേജ്. മാർക്കറ്റ് പരിസരങ്ങളിൽ നിയോഗിച്ചിട്ടുണ്ട്. തിരക്കുള്ള സമയങ്ങളിൽ ബസ് സ്റ്റാന്റ്, റെയിൽവേ സ്റ്റേഷൻ. മറ്റു തിരക്കേറിയ സ്ഥലങ്ങൾ എന്നിവിടങ്ങളിൽ പിങ്ക് പോലീസ് പട്രോളിംഗ് നടത്തി വരുന്നുണ്ട്. സ്ത്രീ സുരക്ഷ ഉറപ്പു വരുത്തുന്നതിനായി 24 മണിക്കൂർ പ്രവർത്തിക്കുന്ന പിങ്ക് പട്രോൾ സംവിധാനവും, വനിതാ ഹെൽപ്പ് ലൈനും കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. സ്ത്രീകൾക്കുള്ള സ്വയം പ്രതിരോധ പരിശീലന കേന്ദ്രങ്ങൾ എല്ലാ ജില്ലയിലും ആരംഭിച്ചിട്ടുണ്ട്. |
| (ബി) കുടുംബശ്രീ, റസിഡന്റ്സ് | (ബി) കുടുംബശ്രീ. റസിഡന്റ്സ് |

| | |
|---|---|
| അസോസിയേഷനുകൾ, സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ പ്രസ്തുത പരിശീലന പരിപാടി പ്രാദേശിക തലത്തിലും വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | അസോസിയേഷനുകൾ. സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ പ്രാദേശിക തലത്തിൽ സ്ത്രീകൾക്കായി സ്വയം രക്ഷാ പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ